# ജനപ്രതിനിധികളുടെയും ജനങ്ങളുടെയും ആലോചനയ്ക്ക് 'ഗ്രാമിക' പ്രവർത്തകരുടെ ഒരു കുറിപ്പ്

പഞ്ചായത്തുരാജിന്റെ അടിസ്ഥാന തത്വങ്ങളായ വികേന്ദ്രീകരണം, ജനപങ്കാളിത്തം, സുതാര്യത, ഉത്തരവാദിത്വം, നിയത പ്രക്രിയ (Due process) തുടങ്ങിയവ ഉയർത്തിപ്പിടിച്ചുകൊണ്ട് തുല്യതയിലും സാമൂഹിക നീതിയിലും അധിഷ്ഠിതമായ സുസ്ഥിര വികസനം കൈവരിക്കുകയാണല്ലോ ത്രിതല പഞ്ചായത്ത് ഭരണസമിതികളുടെ കടമ. ഈ കടമ നിർവ്വഹിക്കുന്നതിൽ മുഖ്യമായ പരിമിതികളെന്തൊക്കെയെന്ന് കഴിഞ്ഞ ഒരു ദശകത്തിലെ അനുഭവംകൊണ്ട് കുറെയേറെ മനസ്സിലാക്കാനാവും. വിഭവസമാഹരണം ഇക്കൂട്ടത്തിൽ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. NRI ഫണ്ട്, സഹകരണ ബാങ്കുകൾ, യുവാക്കൾ, സന്നദ്ധസംഘടനകൾ, സാംസ്കാരിക സ്ഥാപനങ്ങൾ, സർവ്വീസിൽ നിന്നും വിരമിച്ചവർ എന്നിങ്ങനെയുള്ള ധന/മാനവ വിഭവങ്ങൾ തദ്ദേശീയമായും കാര്യക്ഷമമായും ഉപയോഗപ്പെടുത്തുന്നതിന് ഒരു കർമ്മപദ്ധതി ആവിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. അതുപോലെത്തന്നെ, ഉല്പാദനരംഗത്തെ മാന്ദ്യം പരിഹരിക്കുന്നതിന് കൈവേല, പരമ്പരാഗത വ്യവസായങ്ങൾ, തൊഴിലാളികളുടെ നവീകരണം, കൃഷിയും അനുബന്ധമേഖലകളും തുടങ്ങിയവ എങ്ങനെ ഫലപ്രദമായി സജ്ജീകരിക്കാൻ കഴിയുമെന്ന് ചിന്തിക്കണം.

ആഗോളവത്ക്കരണ പ്രക്രിയ നമ്മുടെ സാമൂഹിക ഘടനയെ എങ്ങനെ ബാധിക്കുന്നുവെന്ന് മനസ്സിലാക്കുകയും പ്രാദേശിക വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗംകൊണ്ട് അതിന്റെ തിന്മകളെ പ്രതിരോധിക്കാൻ കഴിയുകയും വേണം. ബദൽ ഉത്പന്നങ്ങൾ, കുടുംബശ്രീ, നാടൻ കലാസംഘങ്ങൾ, ഗ്രാമീണ കൂട്ടായ്മകൾ തുടങ്ങിയവയുടെ മുൻകയ്യുകൾ വികസിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

പട്ടികജാതി/പട്ടികവർഗ്ഗ/വനിതാ പദ്ധതികളിൽ ചെലവഴിക്കുന്ന പണം ഈ രംഗത്ത് ഗുണപരമായി എന്തെങ്കിലും മാറ്റമുണ്ടാക്കാൻ സഹായിച്ചിട്ടുണ്ടോ എന്നത് ഒരു സോഷ്യൽ ഓഡിറ്റിംഗാണ് വിധേയമാക്കേണ്ടതാണ്. ഈ പണം എങ്ങനെ കൂടുതൽ ഫലപ്രദമായി വിനിയോഗിക്കാമെന്ന് ആലോചിക്കേണ്ടതുണ്ട്.

സർക്കാർ നയങ്ങളിലും വ്യക്തി ജീവിതത്തിലും വളർന്നുവരുന്ന ഉപഭോഗ സംസ്കാരത്തിന് കടിഞ്ഞാണിടുന്ന തരത്തിൽ ഫലപ്രദമായി ഇടപെടുന്നതിന് സാധ്യതകൾ ആരായേണ്ടതാണ്. സാംസ്കാരികരംഗത്തെ പ്രവർത്തനങ്ങൾക്ക് ഇത്തരം ചില ദിശാസൂചനകൾ ആവശ്യമാണെന്ന് തോന്നുന്നു. കഴിഞ്ഞ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ സാംസ്കാരിക സമുച്ചയം പരിപാടി ഈ ദിശയിൽ ചില ചുവടുവയ്പുകൾ നടത്തിയിരുന്നു എന്നത് സ്മരണീയമാണ്. എന്നാൽ അത് കൂടുതൽ ഉറച്ച ദിശാബോധത്തോടെ ആവിഷ്ക്കരിക്കുന്നതിനെക്കുറിച്ച് വിശദമായ ചർച്ചയും ചിന്തയും ആവശ്യമാണ്.

പ്രകൃതി വിഭവങ്ങളായ മണ്ണ്, കുടിവെള്ളം, ജൈവ വൈവിധ്യം എന്നിവയുടെ മേലുള്ള ജനങ്ങളുടെ അധികാരവും അവകാശവും ഉയർത്തിപ്പിടിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രതിജ്ഞാബദ്ധമാവണം. മണലൂറ്റ്, മണ്ണെടുക്കൽ, അനധികൃത നിർമ്മാണങ്ങളും, കയ്യേറ്റങ്ങളും, ജലത്തിന്റെ അമിത ചൂഷണം, മലിനീകരണം, എക്സ്പ്രസ്സ് ഹൈവേ പോലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയെല്ലാം എന്ത് നിലപാട് സ്വീകരിക്കുന്നു. എന്നത് വളരെ പ്രധാനമാണ്. ഇക്കാര്യങ്ങളിൽ ഓരോ ജനപ്രതിനിധികളും തങ്ങളുടെ നിലപാടുകൾ വ്യക്തമാക്കുക തന്നെവേണം. പലപ്പോഴും രാഷ്ട്രീയ കക്ഷികളുടെ കേന്ദ്ര നേതൃത്വങ്ങൾ ഇക്കാര്യങ്ങളിൽ അവ്യക്തത പുലർത്തുന്നതുകൊണ്ടാണ് ഇതിവിടെ എടുത്തു പറയേണ്ടിവരുന്നത്.

താഴെ തട്ടിൽ ചെയ്യാവുന്നവ അവിടെ തന്നെ ചെയ്യുക എന്നതാണ് കീഴ്തല മുൻഗണന (Subsidiarity) എന്ന തത്വത്തിന്റെ അർത്ഥം. ആ തലത്തിൽ ചെയ്യാനാവാത്തത് മാത്രമേ മുകൾത്തട്ടിലേക്ക് വിട്ടുകൊടുക്കേണ്ടതുള്ളൂ. എന്നാൽ ഈ തത്വം പലപ്പോഴും അട്ടിമറിക്കപ്പെടുന്നത് നാം കാണുന്നു. അതുപോലെ തന്നെ വികേന്ദ്രീകരണത്തിന്റെ പേരിൽ പ്രധാന ചുമതലകളിൽ നിന്ന് ... ത്തുമാറുന്ന സംസ്ഥാന സർക്കാർ ആനുപാതികമായി ഫണ്ട് അനുവദിക്കുന്നതിൽ വിമുഖത കാണിക്കുന്നു. ജോലികളും ബാധ്യതകളും മാത്രം താഴെതട്ടിലേക്ക് അടിച്ചേല്പിക്കുകയാണ് ഇതുവഴി ചെയ്യുന്നത്. വികേന്ദ്രീകരണതത്വത്തെ അട്ടിമറിക്കുന്ന മറ്റൊന്നാണ് എം.എൽ.എ./എം.പി. ഫണ്ടുകൾ വർദ്ധിപ്പിക്കുമ്പോൾ തന്നെ പദ്ധതി വിഹിതം കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നത്. വികേന്ദ്രീകരണത്തിന്റെ സ്പിരിറ്റ് ഉയർത്തിപ്പിടിക്കുന്നതിന് ഇത്തരം പ്രവണതകളെ എങ്ങിനെ നേരിടാനാവുമെന്ന് ജനപ്രതിനിധികളുടെ ഗൗരവമായ ആലോചനയ്ക്ക് വിഷമായകണം.

പ്രാതിനിധി ജനാധിപത്യത്തിനുള്ള പ്രാധാന്യം പങ്കാളിത്ത ജനാധിപത്യത്തിന് നല്കുന്നില്ലായെന്നത് രാഷ്ട്രീയ പാർട്ടികളിൽ കാണുന്ന ഒരു പ്രവണതയാണ്. തെരഞ്ഞെടുപ്പുകളിൽ കാണിക്കുന്ന ശുഷ്കാന്തി ഗ്രാമസഭകളിലെ പങ്കാളിത്തം ഉറപ്പാക്കുന്നതിൽ രാഷ്ട്രീയ കക്ഷികൾ കാണിക്കുന്നില്ല. ഈ പ്രവണതയെ ജനപ്രതിനിധികൾ എങ്ങിനെ കൈകാര്യം ചെയ്യുന്നുവെന്നത് പങ്കാളത്ത ജനാധിപത്യത്തിന്റെ ഭാവിയെ നിർണ്ണയിക്കുന്ന ഒരു പ്രധാന വിഷയമായി കാണേണ്ടതുണ്ട്.

വികേന്ദ്രീകൃതാസൂത്രണത്തിലെ പ്രധാന പരിമിതികൾ അഴിമതിയും രാഷ്ട്രീയവൽക്കരണവും തടയാനാവുന്നില്ല എന്നതാണ്. അതേസമയം പൊതുജീവിതത്തിൽ ധാർമ്മികതയും ആർജ്ജവവുമുള്ള ചില വ്യക്തിത്വങ്ങളുടെ നേതൃത്വത്തിൽ മാതൃകാപരമായ നേട്ടങ്ങൾ കൈവരിച്ചതിന് ഉദാഹരണങ്ങൾ നിരവധിയുണ്ട് - ജനപ്രതിനിധികൾ വ്യക്തികളെന്ന നിലയ്ക്ക് അഴിമതി വിമുക്തരും രാഷ്ട്രീയമായ സ്വജനപക്ഷപാതങ്ങൾക്ക് അതീതരും ആയിരിക്കേണ്ടതിന്റെ പ്രാധാന്യമാണിത് കാണിക്കുന്നത്. ഇക്കാര്യത്തിൽ മാതൃകയാകുവാൻ ജനപ്രതിനിധികൾ വ്യക്തിപരമായി പരിശ്രമിക്കേണ്ടതും തങ്ങളുടെ ഓരോ പ്രവൃത്തികൾക്കും തങ്ങൾ പ്രതിനിധാനം ചെയ്യുന്ന മുഴുവൻ ജനങ്ങളോടും കണക്കു പറയേണ്ടവരാണെന്ന അവബോധം വളർത്തിയെടുക്കേണ്ടതും വികേന്ദ്രീകൃത ജനാധിപത്യത്തിന്റെ വളർച്ചയ്ക്ക് അത്യാന്താപേക്ഷിതമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ അഭിനന്ദിക്കുന്ന വേളയിൽ, ആ സ്ഥാപനങ്ങളുടെ വളർച്ചക്കും വികാസത്തിനും അനിവാര്യമായ എന്നു കരുതുന്ന ചില ചിന്തകളാണ് ഇവിടെ അവതരിപ്പിക്കുന്നത്. കൂടുതൽ ആലോചനക്കും ചർച്ചകൾക്കും ഈ കുറിപ്പ് വഴിയൊരുക്കുമെന്നു കരുതുന്നു.

*ഗ്രാമിക, കുഴിക്കാട്ടുശ്ശേരി. പി.ഒ.*